## നിർദ്ദേശങ്ങൾ

1. ഹാൾടിക്കറ്റിൽ നിർദ്ദിഷ്ട സ്ഥാനത്ത് വിദ്യാർത്ഥിയുടെ പാസ്പോർട്ട്/സ്റ്റാമ്പ് വലുപ്പത്തിലുള്ള ഫോട്ടോ പതിക്കേണ്ടതും ബന്ധപ്പെട്ട സ്കൂളിന്റെ പ്രധാനാധ്യാപകൻ പ്രസ്തുത ഫോട്ടോ സാക്ഷ്യപ്പെടുത്തി ഓഫീസ് മുദ്ര പതിക്കേണ്ടതുമാണ്.
2. വിദ്യാഭ്യാസ ജില്ലാതല പരീക്ഷയിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് മാത്രമേ സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
3. ഹാൾടിക്കറ്റ് കൈവശമില്ലാത്ത വിദ്യാർത്ഥികളെ പരീക്ഷയെഴുതുവാൻ അനുവദിക്കുന്നതല്ല.
4. വിദ്യാർത്ഥികൾ രാവിലെ 09.30-ന് മുമ്പ് പരീക്ഷാ കേന്ദ്രമായ തിരുവനന്തപുരം എസ്.എം.വി. ഗവൺമെന്റ് മോഡൽ സ്കൂളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
5. പരീക്ഷാ മാധ്യമം മലയാളമായിരിക്കും. മറ്റ് ഭാഷകളിൽ പരീക്ഷ എഴുതുവാൻ പാടില്ല.
6. പരീക്ഷാ സമയം പരമാവധി രണ്ട് മണിക്കൂറായിരിക്കും.
7. ചോദ്യപ്പേപ്പർ ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടവയും, വിവരിച്ച് ഉത്തരം എഴുതേണ്ടവയും(ഉപന്യാസം ഉൾപ്പെടെ) ഉൾപ്പെടുന്നതായിരിക്കും.
8. പരീക്ഷാ നടത്തിപ്പ്, മൂല്യ നിർണ്ണയം, ഫല പ്രഖ്യാപനം എന്നിവയിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനം അന്തിമമായിരിക്കും.
9. പരീക്ഷാ ഹാളിൽ മൊബൈൽഫോൺ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവ അനുവദനീയമല്ല.
10. ഉത്തരക്കടലാസ് ഇൻവിജിലേറ്റർ കൈപ്പറ്റിയതിനുശേഷം മാത്രമേ വിദ്യാർത്ഥി പരീക്ഷാ ഹാളിൽ നിന്നും പുറത്ത് പോകുവാൻ പാടുള്ളൂ.
11. ഇൻവിജിലേറ്ററുടെ നിർദ്ദേശങ്ങൾ പരീക്ഷാ ഹാളിൽ കർശനമായും പാലിക്കേണ്ടതാണ്.

**************